# ദലിത്‌രാഷ്ട്രീയം
# വിജില ചിറപ്പാടിന്റെ കവിതകളിൽ

കേരള സർവ്വകലാശാലയിൽ ബി. എ. ബിരുദപഠനത്തിന്റെ
ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം


സമർപ്പിക്കുന്നത്

നവ്യ. ഡി 11521101023



Course Code : ML1645
Examination Code : 11521601



ബിഷപ്പ്മൂർ കോളേജ്
മാവേലിക്കര
(കേരള സർവ്വകലാശാല)



2024

## പ്രസ്താവന

ബിഷപ്പ് മൂർ കോളേജ് മലയാളവിഭാഗം ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയായ നവ്യ.ഡി സമർപ്പിക്കുന്ന ഈ പ്രബന്ധം ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്നു പ്രസ്താവിക്കുന്നു.

നവ്യ.ഡി

## മലയാളം വിഭാഗം

## ബിഷപ്പ് മൂർ കോളേജ്

## മാവേലിക്കര

### സാക്ഷ്യപത്രം

കേരള സർവ്വകലാശാല ബി.എ. ബിരുദപഠനത്തിനായി സമർപ്പിക്കുന്ന **"ദലിത് രാഷ്ട്രീയം വിജില ചിറപ്പാടിന്റെ കവിതകളിൽ"** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധം കോളേജിലെ ആറാം സെമസ്റ്റർ ബി.എ. മലയാളം ഡിഗ്രി പ്രോഗ്രാം വിദ്യാർത്ഥിനിയായ നവ്യ.ഡി **(11521101023)** നടത്തിയ മൗലികപഠനത്തിന്റെ രേഖയാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

ഡോ. സജിനി ഡീനാ മാത്യു
മലയാളവിഭാഗം മേധാവി
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളേജ്
മാവേലിക്കര.

ഡോ.സുധ മേരി തോമസ്
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളേജ്
മാവേലിക്കര.

## ഉള്ളടക്കം

പേജ് നമ്പർ


ആമുഖം 1

അദ്ധ്യായം I :ദലിത് ചരിത്രം, പ്രസ്ഥാനം, സാഹിത്യം 4

ക. ദലിത് എന്ന പദം 4

ഖ. നിർവചനങ്ങൾ സമീപനങ്ങൾ 4

ഗ. കേരളീയ പൊതുമണ്ഡലത്തിലെ ദലിത് സംഭവങ്ങൾ 5

ഘ. ദലിതർ ആരാണ് 6

ങ. ദലിത് സാഹിത്യ പ്രസ്ഥാനങ്ങൾ 7

ച. ദലിത് സാഹിത്യം 8

അദ്ധ്യായം II :ദലിത് പഠനം സൗന്ദര്യശാസ്ത്രം 10

ക. ദലിത് സാഹിത്യ പഠനം 10

ഖ. കലിതാപഠനങ്ങൾ 11

ഗ. സൗന്ദര്യശാസ്ത്രം 15

ഘ. ദേശീയസംവാദങ്ങൾ 16

ങ. പ്രദേശീകസംവാദങ്ങൾ 16

അദ്ധ്യായം III :വിജിലചിറപ്പാടിന്റെ കവിതകളിലെ ദലിത് രാഷ്ട്രീയം 17

ക. ദലിത് അനുഭവം 17

ഖ. കറുപ്പിന്റെ രാഷ്ട്രീയം 18

ഗ. ദാരിദ്ര്യം 20

ഘ. ഭൂമി 20

ങ. തൊഴിൽ 21

ച. സ്ത്രീയും പ്രകൃതിയും 22

ഛ. പ്രണയം 22

ജ. അമ്മ 23

ഝ. അടുക്കള 24

ഞ. സംസ്കാരം 25

ഉപസംഹാരം 27

ഗ്രന്ഥസൂചി 29

ലേഖനസൂചി 30

# ആമുഖം

വിജിലചിറപ്പാടിന്റെ കവിതകളെ വ്യത്യസ്ത നിലകളിൽ പരിശോധിക്കുന്ന സൈദ്ധാന്തിക ചർച്ചകളുടെ പ്രായോഗികപാഠങ്ങളെന്ന നിലയിൽ വായിച്ചെടുക്കാം. അനുഭവലോകം, രൂപകങ്ങൾ നിറസങ്കല്പം തൊഴിൽ ആവാസവ്യവസ്ഥ മനുഷ്യബന്ധങ്ങൾ, അമ്മ തുടങ്ങി കവിതയുടെ ആശയലോകത്തെയും അതുണ്ടാക്കുന്ന പ്രത്യയശാസ്ത്രത്തെയും വിശകലനം ചെയ്ത്കൊണ്ട് വിജിലയുടെ കവിതകൾ നിർമ്മിക്കൊണ്ട് പ്രതിരോധപാഠങ്ങളും ലാവണ്യശാസ്ത്രവും നിർധാരണം ചെയ്യുകയാണ്. വിജിലയുടെ ആദ്യ കവിതാസമാഹാരം മുതൽ ഏറ്റവും പുതിയ രചനകളിൽവരെ ഗ്രന്ഥകാരിയുടെ നോട്ടം സൂക്ഷ്മമായി പതിയുന്നത് സവിശേഷമായി ശ്രദ്ധിക്കേണ്ട കാര്യമാണ്. അടുക്കള അനുഭവം വിജിലയുടെ കവിതകളിൽ ആവർത്തിക്കുന്ന പ്രമേയമാണ്. അതിനെക്കുറിച്ച് പ്രബന്ധത്തിൽ വിശദീകരിക്കുന്നുണ്ട്. സമകാലിക സമൂഹത്തിൽ ഞെരുക്കപ്പെടുന്ന തിന്മയുടെ പ്രതിസന്ധികളും പ്രശ്നങ്ങളുമെല്ലാം എഴുത്തുകാരെ ഇടങ്ങളുമായി ആഴപ്പെട്ട ബന്ധങ്ങളുരുവാക്കാനും അവയെ ആവിഷ്ക്കരിക്കാനും പാകപ്പെടുത്തുന്നു. ജനനം മുതൽ ജാതീയമായ വിവേചനങ്ങൾ അനുഭവിക്കുന്നവരാണ് ദലിതർ. ദലിത് എന്ന പദം ചണ്ഡാളൻ, അശുദ്ധർ, അസ്പൃശ്യർ എന്നിവയ്ക്ക് പകരം നില്ക്കുന്നു. മതം, ജാതി തുടങ്ങിയവയുടെ പേരിൽ സാമൂഹികമായും സാംസ്കാരികമായും പുറന്തള്ളപ്പെട്ടവരും സാഹിത്യകാരന്മാരാണ്. ദലിത്സാഹിത്യം മലയാളകവിതകളുടെ പരിണാമ വഴികളെ അപഗ്രഥന വിധേയമാക്കുമ്പോൾ തെളിഞ്ഞുവരുന്ന പുതുതലമുറ കവികളിലൊരാളാണ് വിജില. ഒന്നരപതിറ്റാണ്ടിന്റെ കാവ്യരചനകളിലൂടെ സ്ത്രൈണജീവിതത്തിന്റെ ദൃശ്യാദൃശ്യതലങ്ങളിലുള്ള നിഗൂഢകാമനകളെ അതായത് ലളിതമായി ആവിഷ്കരിച്ച കവിതകളാണ് വിജിലയുടേത്. കവിതാ, കഥ, നോവൽ, നാടകം, വിമർശനം, ആത്മകഥ എന്നി വ്യത്യസ്ഥ സാഹിത്യരൂപങ്ങളിൽ ദലിത് സാഹിത്യം നിലവിൽ വന്നിട്ടുണ്ട്. കെ. പി കറുപ്പന്റെ ജാതികുമ്മി, എം. ആർ രേണു കുമാറിന്റെ വിഷക്കായ എന്നിവ മലയാളത്തിലെ പ്രധാനപ്പെട്ട ദലിത് കവിതകളാണ്. വിജിലയുടെ 'അമ്മ ഒരു കാല്പനിക കവിതയല്ല്', അടുക്കളയില്ലാത്ത വീട്, പകർത്തിയെഴുത്ത്, പച്ചപൊങ്ങ് പെരുവഴി, ധന്യ എം. ഡിയുടെ അമിഗ്ദല എന്നിവയും സമീപകാല ദലിത് കവിതകളിൽ പ്രധാനപ്പെട്ടവയായി പരിഗണിക്കപ്പെടുന്നു.

## പഠന പ്രസ്കതി

മലയാളത്തിലെ പുതുകവിതയെക്കുറിച്ചുള്ള വിമർശനപഠനങ്ങൾ താരതമ്യേന കുറവാണെന്ന് പറയാമെങ്കിലും ഒറ്റപ്പെട്ടതും ബലവത്തായതുമായ അന്വേഷണങ്ങൾ നടക്കുന്നുണ്ടെന്നത് ശ്രദ്ധിക്കാതിരിക്കാനാവില്ല. പ്രത്യേകിച്ചും സർവകലാശാല തലത്തിലുള്ള ഗവേഷണപുതുകവിതയെ വ്യത്യസ്തമായി സമീപിക്കുന്ന പഠനങ്ങൾ സമീപകാലത്ത് വർദ്ധിക്കുന്നുണ്ട് എന്നാൽ ഗവേഷണ പ്രബന്ധങ്ങൾ അക്കാദമികമായ ലക്ഷ്യങ്ങൾക്ക്വേണ്ടി മാത്രം എഴുതപ്പെടുകയും പെതുമണ്ഡലത്തിന്റെ ശ്രദ്ധയിലേക്കും വായനയിലേക്കും അവ എത്താതിരിക്കുകയും ചെയ്യുന്ന നിർഭാഗ്യകരമായ പ്രവണത പ്രബലമായി നിലനില്ക്കുന്നുമുണ്ട്. ഉത്തരാധുനിക മലയാളകവിതയിൽ സജീവ സാന്നിധ്യങ്ങളായ വിജില, ലിംഗപദവി ജീവിതപരിസരം ഭാഷാപരമായ പ്രത്യേകതങ്ങൾ തുടങ്ങി വ്യത്യസ്തപ്രമേയങ്ങൾ എപ്രകാരമാണ് ഇവരുടെ കാവ്യരചനയെ നിർണയിക്കുന്നതെന്ന് പരിശോധിക്കുകയാണ് മുഖ്യ ലക്ഷ്യം.

## രീതിശാസ്ത്രം

സ്വാതന്ത്ര്യത്തിൽ നിന്നന്യമായി സൗന്ദര്യത്തെ കാൽപ്പനികമായി അനുഭവിക്കുക എന്നത് അമൂർത്ത സങ്കൽപ്പമാണ്. അത് വൈയക്തികമാണ്. സ്വാതന്ത്ര്യത്തെ ഉൽപ്പാദിപ്പിക്കുന്ന സാമൂഹിക കർമ്മത്തിൽ സ്വാതന്ത്രവും സൗന്ദര്യവും ഉൽപ്പാദിപിക്കപ്പെടുന്നു; സൗന്ദര്യത്തിന്റെ വീണ്ടു ജനിക്കൽ പദാർഥഗുണമായി സമൂഹത്തിൽ അസ്തിത്വം നേടുന്നു. ദലിത് എന്നത് ഗോത്ര സംജ്ഞയല്ല ജാതിയധിഷ്ഠിതമായ ഇന്ത്യൻ സൗന്ദര്യബോധത്തിന്റെ നിരാസവും ജൈവിക സ്രോതസ് ഉൾക്കൊള്ളുന്ന പൊതുധാരയുടെ വികാസവും അത് ഉൾക്കൊള്ളുന്നു ജോർജ് സ്റ്റീനൻ മാർക്സിസത്തിൽ മൂന്നാം മിത്തോളജി കണ്ടെത്തുന്നതുപോലെ പുതിയ മിത്തോളജിക്കുവേണ്ടിയുള്ള നവസംവേദക്ഷമതയ്ക്കുവേണ്ടിയുള്ള അന്വേഷണമാണത്. ഇത്തരത്തിൽ വിജില ചിറപ്പാടിന്റെ കവിതകളിലൂടെ ദലിത് രാഷ്ട്രീയത്തിനെ ദലിത് സൗന്ദര്യശാസ്ത്രത്തെ അടിസ്ഥാനമാക്കിയാണ് ഈ പ്രബന്ധം രചിച്ചിരിക്കുന്നത് 'ദലിത് രാഷ്ട്രീയം വിജില ചിറപ്പാടിന്റെ കവിതകളിൽ' എന്ന പ്രബന്ധം മൂന്ന് അധ്യായങ്ങളിലായി തിരിച്ചിരിക്കുന്നു. ദലിത് ചരിത്രം, പ്രസ്ഥാനം, സാഹിത്യം എന്ന ഒന്നാം അധ്യയത്തിൽ ദലിത് എന്ന പദത്തെയും ദലിത് പ്രസ്ഥാനത്തെയും ദലിത് സാഹിത്യത്തെയും കുറിച്ച് വിവരിച്ചിരിക്കുന്നു. ' ദലിത് പഠനം' സൗന്ദര്യശാസ്ത്രം എന്ന

രണ്ടാം അധ്യായത്തിൽ ദലിത് പഠനത്തെ കുറിച്ചും ദലിത് കവിതാപഠനത്തെയും, ദലിത് സൗന്ദര്യശാസ്ത്രത്തെയും വിവരിക്കുന്നു പ്രധാനപ്പെട്ട ദലിത് സൗന്ദര്യശാസ്ത്രത്തെ മുൻനിർത്തി വിജിലപിറപ്പാടിന്റെ കവിതകളിലെ ദലിത് രാഷ്ട്രീയം അന്വേഷിക്കുന്ന തുടർന്ന് ഈ പഠനത്തിലൂടെ കണ്ടെത്തിയ ആശയങ്ങൾ ഉപസംഹാരത്തൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## ദലിത് ചരിത്രം പ്രസ്ഥാനം സാഹിത്യം

### I ക. ദലിത് എന്ന പദം

ദലിത് എന്ന ആശയവുമായി ബന്ധപ്പെട്ട് നിരവധി സംവാദങ്ങൾ ഇന്ന് നിലവിലുണ്ട്. കൃത്യമായി നിർവചനത്തിൽ ഒതുക്കാൻ കഴിയാത്ത വിധത്തിൽ സങ്കീർണമാണ് ദലിത് സംവർഗം. ദേശീയവും പ്രാദേശികവുമായി നിരവധി ആശയങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇവയ്ക്ക് ഏകീകൃത രൂപം കൈവന്നിട്ടില്ല. എന്നത് ശ്രദ്ധേയമാണ് പൊതുവെ ദലിത് സംവാദങ്ങളിൽ ഉയർന്നുവരുന്ന ആശയങ്ങളിൽ പലരും ഈ സന്ദിഗ്ദതകളെ ഉൾക്കൊള്ളുന്നവയാണ്.

### ഖ. നിർവചനങ്ങൾ സമീപനങ്ങൾ

ദലിത് എന്നത് ഇന്ത്യൻ ഭരണഘടനയിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് എന്ന് ജയിംസ് മസായ് ലക്ഷ്മി ഹോംസ്ടോം, നാംദേവ് ധസൽ, മമത രജാറാത് എന്നിവർ അഭിപ്രായപ്പെടുന്നു. പാമയുടെ നോവലായ സംഗതിയുടെ വിവർത്തക ലക്ഷ്മി ഹോംസ്ടോമിന്റെ അഭിപ്രായത്തിൽ ദലിത് എന്ന പദം പട്ടികജാതി വിഭാഗങ്ങളെ സൂചിപ്പിക്കാൻ അംബേദ്കർ ആണ് ആദ്യമായി ഉപയോഗിച്ചത്. ഭൂരഹിത കർഷകർ, രാഷ്ട്രീയമായും സാമ്പത്തികമായും ജാതിയും പേരിൽ ചൂഷണം ചെയ്യപ്പെട്ടവർ എന്നിവരെല്ലാം ഉൾപ്പെടുന്ന സാമൂഹിക ഗണമാണിത്. മമത രാജാറാത്തിന്റെ അഭിപ്രായത്തിൽ ജാതിയിൽ ഏറ്റവും താഴ്ന്ന വിഭാഗങ്ങളാണ് ദലിത്. എന്നാൽ കൻഷിറാം ദലിത് എന്ന പദം പട്ടികജാതികളെ മറ്റുവിഭാഗങ്ങളിൽ നിന്ന് വേർതിരിപ്പിക്കുന്നതിനാൽ അത് ഉപയോഗിക്കരുതെന്ന് അഭിപ്രായപ്പെട്ടവരിൽ പ്രധാനിയായിരുന്നു. ജയിംസ് മസായ് പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവർ നവബുദ്ധിസ്റ്റുകൾ, തൊഴിലാളികൾ, ഭൂമിയില്ലാത്തവർ, കർഷകർ, സ്ത്രീകൾ, ജാതിയുടെ പേരിൽ രാഷ്ട്രീയമായും സാമ്പത്തികമായും ചൂഷണം ചെയ്യപ്പെടുന്നവർ കൂടാതെ ദലിത് എന്ന പദം ആദ്യമായി ഉപയോഗിച്ചത് അംബേദ്ക്കറാണ് എന്നും അദ്ദേഹം പറയുന്നു. പട്ടികജാതി വിഭാഗങ്ങളെ സൂചിപ്പിക്കാൻ വേണ്ടിയായിരുന്നു അത് നാംദേവ് ധസൽ ദലിത് പാന്ഥർ പ്രസ്ഥാനവുമായി

ബന്ധപ്പെട്ടാണ് ദലിത് പദത്തിന്റെ ഉത്ഭവം എന്ന് അഭിപ്രായപ്പെടുന്നു. പട്ടികജാതി വിഭാഗങ്ങളെയും നിയോബുദ്ധിസ്റ്റുകളെയും ഭൂരഹിത കർഷകരെയും മറ്റ് ചൂഷിതരെയും ഉൾപ്പെടുത്തി ഈ പദം വിശാലമാക്കിയത് അദ്ദേഹമാണ് (2007,13,14) എം.എൻ.വാൻഖാഠ് ഉപജാതി വിഭാഗങ്ങൾ ബുദ്ധമതക്കാർ ഇതര തൊഴിൽകൂട്ടങ്ങൾ, കർഷകത്തൊഴിലാളികൾ ആദിവാസികൾ എന്നിവരും വർഗ്ഗത്തിൽ ഉൾപ്പെടും ശരൺകുമാർ ലിംബാലെയുടെ നിരീക്ഷണത്തിൽ തൊട്ടു കൂടാത്തവർ, ആദിവാസികൾ, ഭൂമിയില്ലാത്ത കർഷകർ, ദുരിതം അനുഭവിക്കുന്നവർ കുറ്റവാളി ജന്മനാ ജാതിയുടെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരേയും ഈ നിർവചനത്തിൽ കൂട്ടിച്ചേർക്കാം (2004)

- ദലിതർ ഇന്ത്യൻ ഭരണഘടനയിൽ പറയുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്.
- ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്ത നിയോബുദ്ധിസ്റ്റുകളാണ്.
- തൊഴിലാളികൾ ഭൂരഹിതർ, കർഷകർ തൊട്ടുകൂടാത്തവർ സാമ്പത്തിക ചൂഷണം നേരിടുന്നവർ ദലിതരാണ്

## ഗ. കേരളീയ പൊതുമണ്ഡലത്തിലെ ദലിത് സംഭവങ്ങൾ

അധഃസ്ഥിതർ എന്ന അർത്ഥത്തിലാണ് ദലിത് എന്ന പദം പ്രാധാന്യം നേടുന്നതെന്ന് കരുതുന്നവരാണ് കേരളത്തിലെ ദലിത് ചർച്ചകളെ മുന്നോട്ടുകൊണ്ടുപോകുന്നത്. കെ.ഇ. എൻ. കുഞ്ഞഹമ്മദ്, പ്രദീപൻ പാമ്പിരിക്കുന്ന്, കെ.കെ.ബാബുരാജ് തുടങ്ങി പല ചിന്തകരും ഈ ആശയം പങ്കിടുന്നവരാണ് അധഃസ്ഥിതൻ എന്ന പദം ആദിവാസികളേയോ കുറ്റവാളി ഗോത്രങ്ങളേയോ ഉൾകൊള്ളുന്നില്ല എന്ന് അംബേദ്കർ വ്യക്തമാക്കിയിട്ടുണ്ട് അധഃസ്ഥിത വർഗ്ഗങ്ങളെ അശുദ്ധി ഉള്ളവാക്കുന്ന ജാതികൾ എന്ന് അംബേദ്കർ നിർവചിക്കുന്നു. ബ്രിട്ടീഷ് സർക്കാർ നിയമിച്ച സൈമൺ കമ്മീഷനാണ് ഷെഡ്യൂൾഡ് കാസ്റ്റ് (Scheduled Caste) എന്ന് നാമകരണം ചെയ്തത്. വ്യാവസായിക തൊഴിൽ മേഖലകളിലേ ഉന്നത വിദ്യാഭ്യാസ രംഗത്ത് ജോലി ചെയ്യുന്ന ഒരു ഉത്തരാധുനിക അയിത്ത ജാതിക്കാരൻ അനുഭവിക്കുന്ന സാംസ്കാരിക അപകർഷത കൂടിയാണ് അധഃസ്ഥിതത്വം. കെ.സി. പുരുഷോത്തമന്റെ അഭിപ്രായത്തിൽ അസ്പൃശ്യത കൽപ്പിക്കപ്പെടുകയും ഇന്ത്യൻ സമൂഹശ്രേണിയുടെ അടിത്തട്ടിലേക്ക് നിരന്തരം ചവിട്ടി താഴ്ത്തപ്പെടുകയും ചെയ്ത വിഭാഗത്തിന്റെ ജീവിതാവസ്ഥ സൂചിപ്പിക്കുന്ന പദമാണ് ദലിത്. പട്ടികജാതി വിഭാഗങ്ങൾ

കൂടാതെ സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട എല്ലാവരെയും ദലിതരായി കണക്കാക്കാമെന്ന് കെ.സി. പുരുഷോത്തമൻ സൂചിപ്പിക്കുന്നുണ്ട് 'ദൽ' എന്ന പദത്തിന് നശിപ്പിക്കപ്പെട്ട, തർക്കപ്പെട്ട, അറുത്തുതള്ളപ്പെട്ട, പിളർക്കപ്പെട്ട എന്നൊക്കെ അർത്ഥമുണ്ട്.

## ഘ. ദലിതർ ആരാണ്

ദലിത് പദം പ്രചാരത്തിൽ കൊണ്ടുവന്നത് 1970 കളുടെ ആദ്യ മഹാരാഷ്ട്രത്തിൽ രൂപംകൊണ്ട ദലിത് പാന്തർ പ്രസ്ഥാനമാണ്. ദലിത് എന്നതിന്റെ വാച്യാർത്ഥം അടിച്ചമർത്തപ്പെട്ട എന്നാണ്. അതിപ്പോൾ അസ്പൃശ്യരുടെ പൈതൃകത്തൽ അഭിമാനം കൊള്ളുകയും മർദ്ദനത്തെ പ്രതിരോധിക്കുകയും അവകാശത്തെ സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നവരെ കുറിക്കുന്ന പദമായിട്ടുണ്ട്. ഈ പരികല്പന സാമൂഹിക സാമ്പത്തിക വിമോചന പ്രസ്ഥാനത്തിന് ദലിതർ നൽകിയ ഈടുറ്റ സംഭാവനയായിട്ടാണ് ആർ.ജോഷി കാണുന്നത് മോൾസ് വർത്തിന്റെ മറാത്തി. ഇംഗ്ലീഷ് നിഘണ്ടുവിൽ ദലിത് എന്നതിന് നിലം, ചിന്നിച്ചിതറിയത്, പിളർക്കപ്പെട്ടത് എന്നൊക്കെ അർത്ഥം കൊടുത്തിരിക്കുന്നു. അധിക്ഷേപിക്കപ്പെട്ട ഞെക്കിപ്പിഴിക്കപ്പെട്ട അടിച്ചമർത്തപ്പെട്ട അർത്ഥത്തിലും മാറാത്തിയിൽ ദലിത് പദം പ്രയോഗത്തിലുണ്ടെന്ന് കാമാലിനി സെൻ ഗുപ്ത പറയുന്നു. ദലിത് എന്ന വാക്കിന് ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയിൽ കൊടുത്തിരിക്കുന്ന അർത്ഥം ദലനം ചെയ്യപ്പെട്ട വിടർന്ന, തുറന്ന, ഖണ്ഡിക്കപ്പെട്ട, പിളർക്കപ്പെട്ട എന്നൊക്കെയാണ്. ദലിത് എന്ന മറാത്തി വാക്കിന്റെ ഏതാണ്ട് പൂർണ്ണ അർത്ഥം വരുന്ന ഇംഗ്ലീഷ് വാക്ക് ഡൗൺട്രോഡൻ (downdrodden അധഃസ്ഥിതൻ) എന്നാണെങ്കിലും ദലിത് എന്നു തന്നെയാണ് ഇംഗ്ലീഷിലും ഉപയോഗിച്ചു വരുന്നത്. ദലിത് എന്നതിന്റെ ഇംഗ്ലീഷ് തർജ്ജമ സൗൺട്രോഡൺ എന്നാണെന്ന് നന്ദിനിഗോപ്തുവും ശരിവെക്കുന്നു. ദലിത് പദം ഒരു സമുദായത്തോട് ചേർത്ത് ആദ്യമായി ഉപയോഗിച്ചത് മഹാത്മാജോതി ബാഫൂലെയാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ അധഃകൃതരുടെ ഉദ്ധാരണം എന്ന അർത്ഥത്തിൽ ദലിതോദ്ധാരൻ എന്ന് അദ്ദേഹം പ്രയോഗിക്കുകയുണ്ടായി അംബേദ്കർ ആദ്യം തന്റെ സമുദായക്കാരായ മഹറുകളെയും പിന്നീട് അധഃകൃതവർഗ്ഗങ്ങളെയും സൂചിപ്പിക്കാൻ ഈ പദം പ്രയോഗിക്കുകയുണ്ടായി അംബേദ്കർ തന്റെ മറാത്തി രചനകൾ അയിത്തജാതിക്കാരെ സൂചിപ്പിക്കാൻ ദലിത് എന്ന പദം സുലഭമായി ഉപയോഗിച്ചിട്ടുണ്ടെന്ന് ഗെയിൽ ഓവെറ്റ് 1998 ഫെബ്രുവരി 19ന് കാലിക്കറ്റ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ തേഞ്ഞിപ്പലത്ത് ദലിത് സാഹിത്യത്തെക്കുറിച്ച് നടന്ന ദേശീയ സെമിനാറിൽ പ്രസ്താവിക്കുകയുണ്ടായി

മുപ്പതുകളിൽ ഇന്ത്യയിലെ പത്രമാധ്യമങ്ങൾ അയിത്തജാതിക്കാരെ പരാമർശിക്കാൻ അധഃകൃതവർഗ്ഗങ്ങൾ, പട്ടികജാതിക്കാർ ഹരിജനങ്ങൾ എന്നീ പദങ്ങൾക്കൊപ്പം ദലിതരെന്നും ഉപയോഗിച്ചുവന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അടിച്ചമർത്തപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന ജനവിഭാഗം പട്ടികജാതിക്കാരാണെന്നുളള വസ്തുത എല്ലാവരും അംഗീകരിക്കുന്നു. ഇന്ത്യൻ സമൂഹത്തിൽ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നിൽ നില്ക്കുന്നതും ഈ ജനവിഭാഗമാണ്. അസ്പൃശ്യത, മാറ്റി നിർത്താൻ ജാതിയുടെ പേരിലുളള അടിച്ചമർത്തൽ എന്നിവയിൽ തുടങ്ങിയ പട്ടികജാതിക്കാർ വലയുമ്പോൾ പട്ടികവർഗ്ഗക്കാർക്ക് അവരുടേതായ പ്രശ്നങ്ങളുണ്ട്. ചൂഷണം അവഹേളനം ഭൂമിയിൽ നിന്ന് ഒഴിക്കപ്പെട്ടൽ തുടങ്ങിയ പ്രശ്നങ്ങൾ. വൈദേശികമോ ആഭ്യന്തരമോ ആയ അധിനിവേശത്താൽ ഭൂമി നഷ്ടപ്പെടുകയും സംസ്കാരനാശം സംഭവിക്കുകയും ചെയ്ത വടക്കെ അമേരിക്കയിലെയും തെക്കെ അമേരിക്കയിലെയും 'അമേരിന്ത്യക്കാർ ആസ്ട്രേലിയയിലെ അബോറിജിനുകൾ സ്കാൻസിനേവിയയിലെ സമ്രികൾ ന്യൂസിലാണ്ടിലെ' മവോറികൾ' എന്നീ ആദിവാസികളെയാണ് നാലാം ലോകത്തിലെ മനുഷ്യരായി പൊതുവെ കരുതുന്നത് അവരുടെ അവസ്ഥയോടാണ് ഇന്ത്യയിലെ ദലിതുകൾക്ക് സാമ്യം.

## ങ. ദലിത് സാഹിത്യ പ്രസ്ഥാനങ്ങൾ

ദലിത് സാഹിത്യത്തിന്റെ കൂടുതൽ ഭാഗവും കവിതകളാണ് തീവ്രവേദനയുടെ ആദ്യാവിഷ്ക്കാരത്തിന് അനുയോജ്യമായ മാധ്യമം അഭിപ്രായപ്പെടുന്നതുപോലെ അംബേദ്കർ പ്രസ്ഥാനത്തിന്റെ മൂന്നാം തലമുറയുടെ തീക്ഷ്ണവികാരത്തിന്റെ ശബ്ദമാണ് ദലിത് കവിത. കീഴ്പെടുത്തലിനെതിരെ, അവമതികൾകെതിരെ, പീഡനങ്ങൾക്കെതിരെ അത് നിലയുറപ്പിച്ചതായി കാണാം. കഴിഞ്ഞ മൂന്ന് ദശകങ്ങൾക്കിടയ്ക്ക് മഹാരാഷ്ട്രം കർണ്ണാടകം, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, കേരളം എന്നീ സംസ്ഥാനങ്ങൾ ദലിത് കവിതകളുടെ വലിയൊരു സംഘത്തെ സൃഷ്ടിച്ചിട്ടുണ്ട്. സ്വാഭാവികമായും മഹാരാഷ്ട്രത്തിൽ കവിതകളാണ് ദലിത് കവിതകൾക്ക് നേതൃത്വം നൽകുന്നത്. മറാത്തിയിൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രധാന കവിതാസമാഹരങ്ങൾ ഈ പറയുന്നവയാണ് നാരായണൻ സുർവെയുടെ 'ഞാൻ ബ്രഹ്മമാണ്, ജീവിതത്തിന്റെ നടപ്പാതയിൽ 'എന്റെ സർവ്വകലാശാല നാമദേവ്ഥാസ്സാലിന്റെ 'ഗോൻപിത്ത (ബോംബെയിലെ ഒരു ചേരി പ്രദേശം) വാമൻ നിബാൽക്കറുടെ ഗാവോകുശഹേരിൽ

## അദ്ധ്യായം II

# ദലിത്പഠനം സൗന്ദര്യശാസ്ത്രം

### II ക. ദലിത് സാഹിത്യപഠനങ്ങൾ

ദലിത് സാഹിത്യത്തിന്റെ തുടക്കം എന്ന നിലയിൽ സാഹിത്യ ലോകത്ത് ചർച്ചചെയ്യപ്പെട്ടത് ദലിത് സാഹിത്യലോകത്ത് ആദ്യമായി ദലിതത്വം ആവിഷ്കരിക്കപ്പെട്ടത് നാടനൻ പാട്ടുകളിലൂടെയും കവിതകളിലൂടെയും ആണെന്ന് പറയുന്നു. പുള്ളുവൻപാട്ട്, വഞ്ചിപാട്ട് എന്നിങ്ങനെ നിരവധിപാട്ടുകൾ ഇന്ന് നിലവിലുണ്ട്. കെ. പി.കറുപ്പൻ, പൊയ്കയിൽ അപ്പച്ചൻ എന്നീ ആദ്യകാല കവികളുടെ രചനയുമായി ബന്ധപ്പട്ട നിരവധി പഠനങ്ങൾ നിലവിൽ വന്നിട്ടുണ്ട്. സനൽ മോഹന്റെ കിഴാളപക്ഷചരിത്രവും വീണ്ടെടുപ്പിന്റെ പാഠങ്ങളും പ്രത്യക്ഷരക്ഷാദൈവസഭയുടെ ആശയലോകത്തിൽ വി. വി. സ്വാമി, ഇ വി അനില്ട എന്നിവർ ചേർന്ന് തയ്യാറാക്കിയ പി. ആർ. ഡി. എസ് പാട്ടുകൾ ചരിത്രവും അന്യപാഠങ്ങളും, അജയ് ശേഖറിന്റെ ഓർത്തിടുമ്പോൾ ഖേദമുണ്ടുള്ളിൽ ശബ്ദവും , ഭക്ഷണവും, പെയ്കയിൽ അപ്പച്ചനെക്കുറിച്ച് രാജഗോപാൽ വാകത്താനത്തിന്റെ പഠനം എസ്. ഠജാസഫിന്റെ ഈ കൂവാത്ത കോഴിയൊന്നു ക കൂവിയെ മതിയാകു എന്നി ലേഖനങ്ങളെല്ലാം പെയ്കയിൽ അപ്പച്ചന്റെ കവിതകളെക്കുറിച്ചുള്ള പഠനങ്ങളാണ്.

എൻ അജയകുമാറിന്റെ സാധുജനകവിത എം. ആർ രേണുകുമാറിന്റെ പണ്ഡിറ്റ് കാറുപ്പൻ, എഴുത്തും ഇടപെടലും, സി അശോകന്റെ ഭാവനുടെ സ്ത്രീപക്ഷം , എൻ ജയ കൃഷ്ണന്റെ , മനീഷാപഞ്ചകവും ജാതികുമാറിന്റെയും പി വി വേലായുധൻ പിള്ളയുടെ കറുപ്പന്റെ വെളുപ്പിന്റെ സൗന്ദര്യം, പി കെ . പോക്കറിന്റെ ജാതികുമ്മി ഉയർത്തുന്ന സൗന്ദര്യ ശാസ്ത്രചിന്തകൾ, വി എം മൃത്യുഞ്ജയന്റെ അധ: സ്ഥിതരുടെ പ്രകാശഗോപുരം, ചന്തിരൂർ ദിവാകരന്റെ സാമൂഹിക മാറ്റത്തിന് തൂലിക പടവാളാക്കിയ മഹാകവി, എം പി അപ്പന്റെ ജാതികുമ്മിയുടെ അവതാരിക എന്നിവ കെ പി കറുപ്പന്റെ കവിതകളെക്കുറിച്ചുള്ള പഠനങ്ങളാണ് ഇതുകൂടാതെ മറ്റനേകം കവിതാപഠനങ്ങളും കവിതകളെക്കുറിച്ച് ആദ്യകാല കവിതകളെക്കുറിച്ച് ഉണ്ടായിട്ടുണ്ട്.

## ഖ. കവിതാപഠനങ്ങൾ

വൈയക്തികളും സ്വകാര്യവുമായ അനുഭവങ്ങളെ ഇഴപിരിച്ചെടുത്ത് സാഹിത്യരചനയ്ക്ക് പശ്ചാത്തലമാക്കുന്ന പാശ്ചാത്യരീതിയ്ക്ക് ബദലുകൾ സൃഷ്ടിച്ചുകൊണ്ട് അരിക്കുവത്ക്കരിക്കപ്പെട്ടവർക്ക് എഴുത്ത് എന്നത് സമൂഹത്തിന്റെ പ്രതിസന്ധികളാണെന്ന് ചിനവ് അച്ബേ പ്രഖ്യാപിക്കുന്നു. സാഹിത്യം മനുഷ്യാസ്തിത്വത്തിലേക്ക് നീളുന്ന അന്വേഷണങ്ങളാണ് ജീവിതത്തിന്റെ നാൾവഴികളിലേക്കും സത്യവും പൊരുളുമെന്തെന്ന തിരിച്ചിലേക്കും പടിയിറങ്ങുന്ന രചനകൾ വ്യത്യസ്തങ്ങളാകുന്നു. അടിസ്ഥാനപരമായി വ്യക്തികളെ ആണിനെയും പെണ്ണിനെയും രൂപപ്പെടുത്തുന്നതിൽ സാംസ്കാരികതയ്ക്കുള്ള പ്രാധാന്യം കവിതാപാടലുകളുടെ സമാഹാരം വായനയ്ക്കെത്തുകയാണ്. തന്മയെ ഉരുവപ്പെടുത്തിയ എല്ലാത്തിനോടുമുള്ള ഉള്ളടുപ്പം കോരിയെടുക്കാൻ പാകത്തിൽ ഈ കവിതകളിൽ കരകവിയുകയാണ്. നാടിനെ, കാടിനെ, വാഴ്വിനെ, വീടിനെ, കൂട്ടുകാരെ, വഴിയിടങ്ങളെ യാത്രകളെ, കനവുകളെ, പെൺകരുത്തിനെ ഇലകൾകൊണ്ടും പൂക്കൾകൊണ്ടും മണ്ണടരുകൾകൊണ്ടും അടയാളപ്പെടുത്തുന്ന ഒരു സംഘചേതനയാണ് കവിതകളിൽ കണാനാവുന്നത്, എന്ന് ഒറ്റവായനയിൽ തന്നെ തിരിച്ചറിയാം എല്ലാ മതിലുകൾക്കെതിരെയും ജാഗാരൂകമാകുന്ന ആകാശത്തിന്റെ കണ്ണ് ഇവയ്ക്ക് അകമ്പടിയായുണ്ട്

" ഞാനുരുണ്ടു കൊണ്ടിരിക്കുന്നു

എന്റെ ഉരുക്കങ്ങൾഇപ്പോൾ

മണാപ്പിയെടുത്തു കഴിഞ്ഞു

മാഞ്ഞുപോകാം

വായിക്കപ്പെടാതെയുമിരിക്കാം

എങ്കിലെന്ത്?

വരികളോടൊപ്പം ശരികളോടൊപ്പം ഈ ഉരുണ്ടുപോക്ക് അനിവാര്യമാണ് എന്ന് രണ്ടും കൽപ്പിച്ചു കഴിഞ്ഞകലയെടുപ്പിനെ കാണാതെ വഴിമാറിപോകാം. കണ്ട് വായിച്ച് അലിയിച്ച് ഒന്നെന്ന് കൈകോർത്തു ചേർത്ത് പിടിക്കാം. വായനയ്ക്കായി അതേല്പിക്കപ്പെടുകയാണ്.

എന്തിനാണ് കവിതകളിങ്ങനെ എഴുതിയെഴുതി രാപ്പകലുകളുടെ നാളുകൾ മറിക്കുന്നു എന്ന ചോദ്യത്തിന് നാടിനെ സാക്ഷ്യപ്പെടുത്തി

ചവന്നസ്തമനമെന്ന

വാക്കറിയാ തീരഞ്ഞെത്തി

മടുപ്പിനെ കുടഞ്ഞ്

ഒടുക്കം

ഒഴുക്കിനെ അശ്ലേഷിക്കുമവൾ

(നെല്ലിക്കയോളം മധുരിക്കുന്ന)

എന്ന് തളം കെട്ടിനില്പിനെ തോല്പിച്ച് കവിപാടലുകളിലൂടെ ഒഴുകാനുറച്ചു പെൺമനമായിതന്നെ തിരിച്ചറിയുകയാണ് കവി ചവിട്ടടികളിൽ പുളഞ്ഞ് പത്തിവിരിച്ചു നിൽക്കും വേർപാടിന്റെ അപമാനത്തിന്റെ ഭയത്തിന്റെ ഒറ്റപ്പടലിന്റെ എല്ലാ നിരാശനിലകളെയും വകഞ്ഞൊതുക്കുന്ന വാഴ്‌വിന്റെ സർഗകാമനയാണ് തന്മയെ മൊഴിയാക്കുന്ന ഈ രസതന്ത്രത്തിൽ കാണാനാവുന്നത്. പരിസ്ഥിതിയെ, പ്രകൃതിയെ തന്നിലേക്ക് ആവാഹിച്ചു നിർത്തി അതൊരു കാഴ്ച്ചയോ കൗതുകമോ എന്ന അകലമല്ല ഉള്ളിലെയ്ക്കെടുത്തും പുറത്തേക്കുവിടും ജീവിതത്തിന്റെ തണഭാഗമാക്കുന്ന ഒരു കാവ്യലോകം തന്നെയാണ് വിജിലയെ ഉണർത്തുന്നതും വഴിനടത്തുന്നതും ഓർമകളെ എവിടേക്ക് ഒഴുക്കിയാലും ഭൂമിയിലെ വേരുകളതൊക്കെ വലിച്ചെടുത്ത് വൻവൃക്ഷമാക്കിക്കളെയുമോ എന്ന ആശങ്ക വകഞ്ഞുകളയാവുന്നതല്ല.

“ അനേകം പേർ ജീവിച്ച മണ്ണ്

അനേകം രക്തങ്ങൾ

വളമായ മണ്ണ്

ഓർമകളെ സിമന്റ് തേച്ച്

ശില്പങ്ങളാക്കിയ

മേസ്തിരിമാരും”

കലകളിലൂടെ ചിലതെല്ലാം മറച്ചുപിടിക്കുകയാണെന്നുമാത്രം” എന്ന അധിനിവേശം ചരിത്രത്തെയാകെ ഒരു ചെറുചിമിഴിലൊതുക്കുന്ന പരുവപ്പെടലും കൈത്തഴക്കവും വിജിലയെന്ന കവിയെ വേറിട്ട ഒരാളാക്കുന്നു. കാട്ടിന്റെ തനതു വാഴ്‌വുകളെ

കശക്കിയെടുത്ത് വികസനത്തിന്റെ കോൺക്രീറ്റ് തിടുക്കുങ്ങൾകൊണ്ട് അടച്ച് മിനുക്കുന്ന വിരുദ്ധതക്കെതിരെയുള്ള അസഹ്യതയും ഈ വരികളിൽ നിറയുന്നു. ഇതേ രാഷ്ട്രീയം കുറേകൂടി തെളിച്ചുപറയുന്ന കവിതയാണ് 'പച്ചപൊങ്ങ് പെരുവഴി' മനവും കോർത്ത് നടന്നു തേഞ്ഞിരുന്നു പോയ വഴിയിൽ കാരമുള്ള് തറച്ച് തൊലിയടർന്നതിനെക്കാൾ നീറ്റലുളവാക്കിയത് കൈവിടുവിച്ചതും മനം കനച്ചതുമായല്ലോ എന്ന തിരിച്ചറിവാണ്. വിജിലയുടെ അനുഭവ വൈവിധ്യങ്ങളിൽ സദാ സഞ്ചാരിയാകുന്ന ഒരുവളുടെ അപൂർവ്വങ്ങളായ കാഴ്ച്ചകളും ഉറ്റുനോക്കലുകളും ആവോളമുണ്ട്

" തന്നെ തന്നെ ഒളിപ്പിക്കാനിടമില്ലാതെ

ഒരു പേമാരിയായി

മൗനം തിരയുന്ന ഒരുവളുടെ

എഴുത്ത് എന്ന മേൽവിലാസം കൃത്യമാകുന്നു. യാത്രകളിൽനിന്ന് മനം ഒപ്പിയെടുക്കുന്ന ചിതറിയ ചിത്രങ്ങൾ ഒരു കാലത്തിന്റെ വിളിച്ചു പറയൽ കൂടിയാകുന്നുണ്ട്. ജീവിതത്തിന്റെ സാമാന്യതയെ നൈരന്തര്യത്തെ പരുക്കൻ യാഥാർത്ഥ്യങ്ങളുടെ നിർവചനകോടികളെ പിൻതുടരേണ്ടിവരുമ്പോഴും കനവില്ലാത്ത, പൊട്ടിച്ചിരിക്കാത്ത ഇരുളിന്റെ നെടുവീർപ്പുകളെ കെട്ടഴിച്ചു വിട്ട് സ്വസ്ഥയാകാൻ തുനിയുന്നവളുടെ ഇരട്ട ജീവിതം മറച്ചുവെയ്ക്കാതെ വിയോജിപ്പുകളോടെ മുന്നോട്ടുകൊണ്ടുപോകുന്നു

നീ ഒറ്റയ്ക്കാവുമ്പോൾ

ആരും കാണാതെ

ഞാൻ വരുന്നില്ലേ" എന്ന

കണ്ണീർമൊഴിയെയാണ് ഹൃദയത്തിൽ പോറ്റിയെടുത്ത് കവിതകളാക്കി കാലപ്പെടുത്തുന്നതെന്ന് തിരിച്ചറിവിൽ,

" ഉണരുമ്പോൾ നിന്നെ

നേരെയാക്കുന്നു

നിത്യമൊരു സൂര്യൻ

കാവ്യ പ്രകാശം"

എന്ന് കവിതകുറിച്ച് കൊണ്ട് ജീവിതക്കെണിയുടെ കുരുക്കുകൾ പൊട്ടിച്ചെറിഞ്ഞ് മുന്നേറുന്ന ഒരുവളുടെ തളരാത്ത ചങ്കുറപ്പ് വിജില കാട്ടിത്തരുന്നു

" ഉരുണ്ട മൂക്കും

തടിച്ച ചുണ്ടുകളും

ചുരുളൻ തലമുടിയും

കറുപ്പുനിറവുമുള്ള മാതാവിനെ

വരച്ചു

മുണ്ടും ബ്ലൗസും തോർത്തുമിട്ട

മാതാവ്"

(പാടിയും വരച്ചും ഇറങ്ങി പോയവർ)

എന്ന ബദൽ ചിത്രം ഇത് പിളർക്കപ്പെട്ട തന്മപേറുന്ന കോടികണക്കിന് മനുഷ്യരുടെ പട്ടിക വരച്ച് അടയാളപ്പെടുത്തിയ അടിയാളരുടെ ദേശീയതയെന്ന വികാരമാണ് അവരുടെ ഇന്ത്യയെന്ന അമ്മയ്ക്ക് അവർ വരയ്ക്കും പരിചിതരൂപം. വിജിലയുടെ കവിതകളിലെ പരിസ്ഥിതിയുടെ നിരന്തരമായ സാന്നിദ്ധ്യത്തെക്കുറിച്ച് വിശദമായൊരു അപഗ്രഥനം തന്നെ നടത്താവുന്നതാണ്

" എന്റെ പാട്ടിനെ

നീ മാത്രം കോന്തലയിൽ

ഒരു നെല്ലിക്കയായ് കെടുക"

" തൊട്ടവാടിപ്പടർപ്പുകൾക്ക്

മുകളിലാണ്

പെയ്തു തീരാക്കിനാവുകൾ"

കരിയിലകൾനനവുകുടിഒളിപ്പിച്ച

"

വേരുകൾ" തകരത്തളിർപ്പുകൾ

തെറ്റുചെയ്യാത്ത പെണ്ണിനെ

സംശയിക്കുന്ന പുരുഷന്

സ്വസ്ഥത ഔട്ട് ഓഫ് റേഞ്ച്

മരണം വരേക്കും എന്നാണ്

ബന്ധങ്ങളിലുലഞ്ഞ് തോറ്റ് പടിയിറങ്ങുന്ന ഓരോ സ്ത്രീയും സീത തന്നെയാണെന്ന് "ചിന്താവിഷ്ടയായ സീത"യുടെ ശതാബ്ദിക്കാലത്ത് ഒരു പുനർവായന നടത്തുകയാണി കവിത. കവി നാടിനെ എഴുതിയിരിക്കുന്നത് കൂടി വായിക്കാതെ വച്ച് ചെങ്ങോട്ടുമല" യെ തെളിഞ്ഞ, ഉശിരുള്ള പരിപാലകയായ പെണ്ണ് തന്നെയായിക്കണ്ട് അഭിമാനത്തിന്റെ തല തകർക്കരുതെന്നും പ്രമവാത്സല്യങ്ങളുടെ മാറ് പിളർക്കുന്നതും ഉലയിലെന്ന പോലുരുകുന്ന നിനവിന് മാനം പോലെ തെളിമയേറുന്നു. മറന്നുപോയതും വായിച്ചകറ്റിയതുമായ ഒരു വീട്ടിൽ ദേഹത്ത്, കാടകത്ത്നിന്ന് പെണ്ണിന്റെ മാനം ചികഞ്ഞെടുക്കുന്ന പുതുകാഴ്ച്ചകൾക്ക് അസാധാത്തതയുണ്ട് വർണത്തിന്റെയും കോയ്മയുടെയും പ്രതീകങ്ങളെ അട്ടിമറിക്കുന്നൊരു ദേശചിത്രമാണ്. മലയാളകവിതയുടെ പരിണാമവഴികളെ അപഗ്രഥന വിധേയമാക്കുമ്പോൾ, തെളിഞ്ഞു വരുന്ന പുതുതലമുറ കവികളിലൊരാളാണ് വിജില. ഒന്നരപതിറ്റാണ്ടിന്റെ കാവ്യ രചനകളിലൂടെ സ്ത്രൈണജീവിതത്തിന്റെ ദൃശ്യാദൃശ്യതലങ്ങളിലുള്ള നിഗൂഢകാമനകളെ അയത്‌ലളിതമായി ആവിഷ്ക്കരിച്ച കവിതകളാണ് വിജിലയുടേത് പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ ദുർബലരുടെ തിരസ്കൃതരുടെ ജീവിതാനുഭവങ്ങളെ ഭാവസുന്ദരമായി രാഷ്ട്രീയ നിലപാടുകളിലുറച്ചു നിന്നുകൊണ്ട് രചിക്കപ്പെട്ടവയാണ് കാൽപ്പനികതയുടെ മടുപ്പൻ കാഴ്ചകളിൽ നിന്നും ബോധപ്പൂർവ്വം മാറിനില്ക്കുന്ന ഈ കവിതകൾ അർത്ഥവത്തായ രാഷ്ട്രീയ ഇടപെടലുകൾക്ക് പര്യാപ്തമാണ്.

## ഗ. ദലിത് സൗന്ദര്യശാസ്ത്രം

ദലിത് സൗന്ദര്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ ചില വാദങ്ങൾ നിലനിൽക്കുന്നുണ്ട്. ദേശീയവും പ്രാദേശികവുമായ വ്യത്യസ്ത അഭിപ്രായങ്ങൾ

ദേശീയ തലത്തിൽ വന്നിട്ടുള്ള പ്രധാന നീരീക്ഷണങ്ങളാണ് ദേശീയ സംവാദങ്ങൾ, പ്രാദേശിക സംവാദങ്ങൾ ഒക്കെയും.

**ഘ. ദേശീയ സംവാദങ്ങൾ**

സൗന്ദര്യശാസ്ത്രം ഒരായുധമാണ് ആനന്ദം നൽകുന്നത് മാത്രമാണ് സൗന്ദര്യമുള്ള സാഹിത്യമെന്നാണ് ഇന്ത്യൻ സൗന്ദര്യ ശാസ്ത്രം വിശദീകരിക്കുന്നത്. എന്നൽ വേദനകളും ദുരിതങ്ങളുമാണ് ദലിത് സാഹിത്യത്തിന്റെ സൗന്ദര്യത്തിനടിസ്ഥാനം. യധുനാഥ് ഥാട്ടേ പ്രതിഷേധം പത്താമത്തെ രസവും കരച്ചിൽ പതിനൊന്നാമത്തെ രസവുമാണെന്ന് പറയുന്നു. സമത്വം, സ്വാതന്ത്ര്യം, സാഹോദാര്യം എന്നിവയാണ് ദലിത് സാഹിത്യത്തിന്റെ സൗന്ദര്യം. അനുഭവമാണ് ദലിത് എഴുത്തുകളെ മറ്റ് എഴുത്തുകളിൽ നിന്ന് വ്യത്യസ്തപ്പെടുത്തുന്നത്. സൗന്ദര്യശാസ്ത്രം ലാവണ്യ ശാസ്ത്രപരമായ ബ്രാഹ്മണാശയങ്ങളുടെ മാനദണ്ഡങ്ങളാൽ മാത്രമല്ല രൂപീകരിക്കപ്പെടുന്നതെന്നു സൗന്ദര്യം ഒരു സാമൂഹിക നിർമ്മിതിയാണെന്നും അംബേദ്കർ ഹിന്ദുത്വത്തിന്റെ പ്രഹേളികകൾ ഹിന്ദുമതത്തിന്റെ തത്വശാസ്ത്രം തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ വിശദീകരിച്ചു.

**ങ. പ്രാദേശിക സംവാദങ്ങൾ**

പ്രാദേശിക സാഹിത്യത്തിലും ദലിത് സൗന്ദര്യശാസ്ത്രത്തെ സംബന്ധിച്ച് സമാനവും വ്യത്യസ്തവുമായ നിരിക്ഷണങ്ങൾ നിലവിലുണ്ട്. എം.ആർ. രേണുകുമാറിന്റെ അഭിപ്രായത്തിൽ പ്രധാനമായും എഴുത്തുകാരന്റെയോ എഴുത്തുകാരിയുടെയോ സാമൂഹിക പ്രതിബദ്ധതയാണ് ദലിത് സാഹിത്യത്തിന്റെ സൗന്ദര്യ സൗന്ദര്യാശാസ്ത്രത്തെ നിർണയിക്കുന്നത്. നീതി, തുല്യത, സ്വാതന്ത്ര്യം തുടങ്ങിയവയെക്കുറിച്ച് വായനകാരിൽ ഉയർന്ന ചിന്താഗതി രൂപപ്പെടുന്നതിൽ സൗന്ദര്യ ശാസ്ത്രമെന്നത് വർഗ്ഗവിഭജനത്തിന് പുറത്തുള്ള ജാതി ജീവിതത്തിലെ അതിജീവനത്തിന്റെ സൗന്ദര്യബോധത്തിൽ നിന്നാണ് രൂപം കൊള്ളുന്നത്.

## അദ്ധ്യായം III

## വിജില ചിറപ്പാടിന്റെ കവിതകളിലെ ദലിത് രാഷ്ട്രീയം

മലയാളത്തിലെ പുതുകവിതയിൽ സജീവമായ ഇടപടലുകൾ നടത്തുന്ന കവിയാണ് വിജില ചിറപ്പാട്. ഇവരുടെ കവിതകളിൽ വിഷയമാക്കുന്നത് ദലിതർ ഇന്ന് അനുഭവിക്കുന്ന ദുരിതങ്ങളാണ്. അധികാരം, ജാതി എന്നിവ സൃഷ്ടിക്കുന്ന സംഘർഷങ്ങൾ കവിതയിൽ കടന്നു വരുന്നു. ദലിതർ ഇന്നും ദൂരഹിതരാണ് വേതനം ലഭിക്കാത്ത സാഹചര്യങ്ങൾ ഇന്നും നിലനിൽക്കുന്നു. അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റാനുള്ള വിഭവങ്ങളില്ലാത്ത ജീവിതാവസ്ഥകളാണ് ഇന്ന് ഇവർ നേരിടുന്നത്. മധ്യവർഗ ജീവിതവും ദലിത് ജീവിതവും ഒരു പോലെ വിജില തന്റെ കവിതകളൽ അടയാടപ്പെടുത്തുന്നുണ്ട്. അടുക്കളയില്ലാത്ത വീട് (2006) അമ്മേ ഒരു കാല്പനിക കവിതയല്ല (2009) പകർത്തിയെഴുത്ത് (2015) പച്ച പൊങ്ങ് പെരുവഴി (2021) എന്നിവയാണ് വിജിലയുടെ കവിതകളൽ പ്രധാനപ്പെട്ട കവിതാസമാഹാരങ്ങൾ സമകാലിക സാഹചര്യങ്ങളിൽ ഈ സമാഹാരങ്ങൾ പ്രസക്തമാണ്. വിജിലയുടെ കവിതകൾ കൂടുതലായും ദലിത് അനുഭവനം തീവ്രമായി ആവിഷ്ക്കരിക്കുന്ന ഒന്നാണ്.

" മാഞ്ഞുപോകാം

വായിക്കപ്പെടാതെയുമിരിക്കാം

എങ്കിലെന്ത്?

വരികളോടൊപ്പം

ശരികളോടൊപ്പം

ഈ ഉരുണ്ടുപോക്ക് അനിവാര്യമാണ്."

### III ക. ദലിത് അനുഭവം

അനുഭവം എന്ന പദത്തിന് പരീക്ഷിച്ചുളവായജ്ഞാരം, പ്രതിഫലം ആദായം, ആനന്ദം, സുഖാനന്ദങ്ങൾക്ക് പാത്രമാകൽ എന്നിങ്ങനെയാണ് ശബ്ദതാരാവലി അർത്ഥം നൽകുന്നത്. മുഖ്യധാര ജനവിഭാഗങ്ങളിൽനിന്നും തികച്ചും വ്യത്യസ്തവും സങ്കീർണവുമാണ് ദലിത് അനുഭവം കെ.സി.പുരുഷോത്തമന്റെ അഭിപ്രായത്തിൽ ഒരു

പൗരാണിക ജനത എന്ന നിലയ്ക്ക് അവരുടെ അനുഭവങ്ങളുടെ ചരിത്രപരത പ്രധാന ഘടകമാണ് (2008, 255). വിജിലയുടെ കവിതകളെ മറ്റു കവിതകളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. മനുഷ്യനുഭവങ്ങൾ മാത്രമാണ് ഇവർ കവിതകളിൽ വിഷയമാക്കുന്നത്. മറ്റ് വിഭാഗങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തവും സങ്കീർണവുമാണ് ദലിത് അനുഭവം. വിജിലയുടെ കവിതകൾ പുതു ദലിത് കവിതകളാണ് രാജേഷ് ചിറപ്പാട്ട് പുതുമലയാള കവിതകളെ കുറിച്ച് വിശദീകരിക്കുന്ന ഭാഗത്ത് പറയുന്നുണ്ട്. മലയാള സാഹിത്യത്തിൽ ദലിത് സ്ത്രീകളുടെ കുതറലുകൾക്കും ആത്മാനൊമ്പരങ്ങൾക്കും ഇടം ലഭിക്കുന്നത് പുതുകവിതയിലാണെന്ന് മനസിലാക്കാം വിജില ദലിത് സ്ത്രീയനുഭവത്തിന്റെ പൊള്ളുന്ന കാഴ്ചകൾ തന്റെ കവിതയിലൂടെ ആവിഷ്ക്കരിച്ചിട്ടുണ്ട് സ്ത്രൈണാനുഭവങ്ങൾക്ക് പുറമെ ദലിതരുടെ ഇടയിൽ നിൽക്കുന്ന ലിംഗവിവേചനവും അടയാളപ്പെടുത്തുന്നു. ദാരിദ്ര്യം, പ്രണയം, വിശപ്പ്, എന്നീ പൊതു മനുഷ്യാനുഭവങ്ങൾ ജാതി അധികാരതലങ്ങൾക്കകത്ത് വച്ച് വായിക്കുമ്പോഴാണ് ഈ കവിതകൾ മറ്റുള്ള പ്രധാനകവിതകളിൽ നിന്ന് വ്യത്യസ്തമാകുന്നത് അസുന്ദരമെന്നും അശ്രീകരമെന്നും കരുതി മാറ്റിവെച്ച ആദിദ്രാവിഡ വംശപാരമ്പര്യങ്ങളുടെ ശക്തി ഈ വരികളിൽ തുടിക്കുന്നു (2008-242) ഈ അഭിപ്രായം വിജിലയുടെ കവിതകളിൽ ദലിത് സൗന്ദര്യത്തെകുറിച്ചും തന്റെ പഠനങ്ങളെയും കുറിച്ചും ഉത്ഘോഷിക്കുന്നു.

### ഖ.കറുപ്പിന്റെ രാഷ്ട്രീയം

വിജിലയുടെ കവിതകളിൽ ആവർത്തിച്ചുവരുന്ന നിറമാണ് കറുപ്പ്. കറുപ്പ് എന്നത് ഇവിടെ സംസാരികാർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. കെ.ഇ. എന്നതിന്റെ അഭിപ്രായത്തിൽ അടിമയുടെ വിമോചന സ്വപ്നമായി കരുത്താർജ്ജിക്കുന്ന കറുപ്പ് കോളോണിയൽ കാഴ്ചപ്പാടിന്റെ സമഗ്ര നിരാസമാണ് വിജിലയുടെ കവിതകൾ. വിജില കറുപ്പിനെ സ്വന്തം നിറമായാണ് അടയാളപ്പെടുത്തുന്നത്. മുഖ്യധാര കവിതയിൽ കറുപ്പ് അപകർഷതയുടെയും പാപസങ്കല്പത്തിന്റെയും വ്യക്തിയുടെ ആന്തരിക ദുഃഖങ്ങൾ ആവിഷ്ക്കരിക്കുന്ന നിറമായിട്ടുമാണ് ഉപയോഗിക്കുന്നത്. എന്നാൽ വിജിലയുടെ കവിതകളിൽ കറുപ്പ് ജന്മനാ ജാതിയ വിവേചനങ്ങൾ അനുഭവിക്കുന്ന ദലിതരുടെ ദുരിതങ്ങളുടെ തീവ്രത അവതരിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. കറുത്ത അക്കം, കറുത്ത വീട്, കറുത്ത വ്യഥ. കരുവാളിച്ച ദേഹം, കറുത്ത കണ്ണ്, കൺമഷി തുടങ്ങി ജീവിതവുമായി ബന്ധപ്പെട്ട പ്രയോഗങ്ങളാണ് വിജില ഉപയോഗിക്കുന്നത്.

വിജയലക്ഷ്മിയുടെ 'ആരുമറിയാതെ' റോസ്മേരിയുടെ 'സത്രത്തിലെ രാത്രി' എന്നീ കവിതകളിൽ കറുപ്പിന്റെ അനുഭവതലമാണ്.

" കാരണം അവർ

ഒരേ ബെഞ്ചിലിരുന്ന്

മൈലാഞ്ചി മൊഞ്ചുളള ഭൂമിം

കിനാവ് പെയ്തുതോരാത്ത

നീലാകാശം

ഒന്നിച്ച് കണ്ടവരായിരുന്നു

ഒരേ ചേമ്പില ചൂടിയവരായിരുന്നു"

മുഖ്യധാര കവിതകളിൽ ഇരുട്ടിൽ സാന്നിധ്യം ഉണ്ടെങ്കിലും ഇതിൽ നിന്ന് വ്യത്യസ്തമായ അർത്ഥത്തിലാണ് ഇരുട്ടിനെ വിജില തന്റെ കവിതയിൽ അവതരിപ്പിക്കുന്നത് ഇരുട്ട്, വെളിച്ചം എന്നീ ബിംബ കല്പനകൾ ജാതി വിരുദ്ധ കവിതകളിൽ സർവ്വസാധാരണമാണെന്ന് ഗെയിൽ ഓംവെദ് ചൂണ്ടികാണിക്കുന്നു. ഇരുട്ട് കറുപ്പ് നിറത്തെയാണ് സൂചിപ്പിക്കുന്നു. പ്രതീക്ഷകളില്ലാത്ത ലോകത്തെയാണ് ഇരുട്ട് സൂചിപ്പിക്കുന്നത് അതുപോലെ വെളിച്ചം പൂർണമായി പ്രതിഫലിക്കാതിരിക്കുമ്പോൾ കറുപ്പും പ്രതിഫലിക്കുമ്പോൾ വെളുപ്പും എന്നതാണ് വർണ്ണത്തിന്റെ സാമാന്യ നിയമം. അങ്ങനെ വെളിച്ചം ജീവിതത്തിന്റെയും ഇരുട്ട് മരണത്തിന്റെയും പ്രതീകമായി മാറുന്നു. എന്നാൽ ഇത് ജാതിയമായ അർത്ഥത്തില്ലല്ല ഇരുട്ട് മുഖ്യധാര കവിതകളിൽ ആവിഷ്ക്കരിക്കുന്നത്. അതുപോലെ തന്നെ കടൽ ഇരമ്പുന്ന ഇരുട്ട് മുതലായ പ്രയോഗങ്ങൾ സാവിത്രി രാജീവന്റെ കവിതാ സമാഹാരത്തിൽ കാണാം. റോസ് മേരിയുടെ 'മുരിങ്ങമരത്തിനു പിന്നിലെ ഒറ്റ നക്ഷത്രം എന്ന കവിതയിൽ ആരവങ്ങളിൽ നിന്ന് ഒഴിഞ്ഞ് ഇരുട്ടിൽ ശൂന്യത നിറഞ്ഞ ഇരുട്ടിലേക്ക് നോക്കിയിരിക്കുന്ന പെൺകുട്ടിയെ അവതരിപ്പിക്കുന്നു വി.എം. ഗിരിജയുടെ പലയിടങ്ങൾ' എന്ന കവിതയിൽ പ്രണയിനിയുടെ അടുത്തെത്താനാകാതെ കരൾ ഇരുട്ടിൽ അകപ്പെട്ട് പോകുന്ന അനുഭവതലമാണ് അവതരിപ്പിക്കുന്നത് ഇരുട്ടിലകപ്പെട്ടുപോയ സമൂഹത്തിന്റെ

ഭയാനകമായ ചിത്രം ഇടവഴികൾ എന്ന കവിതയിൽ വിജില കാണിച്ചു തരുന്നു ഒരു പെൺകുട്ടിയുടെ ആത്മകഥ എന്ന കവിതയിൽ.

' കാറ്റടിച്ചാൽ

കരിയിലേയ്ക്കരികിലേക്ക്

മണ്ണാങ്കട്ട ഉരുണ്ടെത്തുമായിരുന്നു

മദ്രസ കഴിഞ്ഞ്

സ്കൂളിലേക്കോടും പോലെ '

### ഗ. ദാരിദ്ര്യം

വിശപ്പ് എല്ലാ മനുഷ്യരും നേരിടുന്ന അനുഭവമാണ്. ജാതിയമായ വിവേചനങ്ങൾ നേരിടുന്ന വിഭാഗങ്ങൾ അനുഭവിക്കുന്ന വിശപ്പ് മുഖ്യധാര കവിതകളിലെ വിശപ്പിൽനിന്ന് വ്യത്യാസപ്പെടുന്നു. ദാരിദ്ര്യം, പീഡനം എന്നിവ ഏറ്റവും കുടുതൽ അനുഭവിച്ചത് ദലിത് സ്ത്രീകളാണ് കെ.കെ.കൊച്ചിന്റെ ആത്മകുയിൽ പുല്ലു വിറ്റുകിട്ടുന്ന ചെറിയ തുക കൊണ്ടാണ് അമ്മ രാത്രിയിലേക്കുള്ള ആഹാരസാധനങ്ങൾ വാങ്ങിയിരുന്നതെന്ന് പറയുന്നു ഇതിൽ വിശപ്പിനെ തീവ്രമായി അവതരിപ്പിക്കുന്നത് വിജിലയുടെ കവിതകളുടെ മറ്റൊരു പ്രത്യേകതയാണ്.

ഒരിക്കലും വറ്റാതെ

ഉറവ കാത്ത കൊല്ലിക്കിണർ

ടവറിന് ചിറക് വിരിക്കാൻ

കാത്തുകിടക്കും നെല്ല്യാടിക്കണ്ടിക്കുന്നുകൾ...

### ഘ. ഭൂമി

ദലിതരുടെയും ആദിവാസികളുടെയും ഭൂമിയില്ലാത്ത അവസ്ഥ വിജിലയുടെ കവിതകളിലെ അനുഭവതലമാണ്. ദലിതർ ഉത്പ്പാദകരോ അതിലും താഴെയുള്ള വിഭാഗങ്ങളോ ആണ് ജാതീയമായ മേൽക്കോയ്മ നിലനിർത്തുന്ന വിഭാഗങ്ങളാണ്

ബ്രാഹ്മണർ. ചരിത്രപരമായി തന്നെ ജാതിമേൽക്കോയ്മ മൂലം ഭൂമി ബ്രാഹ്മണ മേധാവിത്വത്തിലായിരുന്നു. മമത രാജാവത് ജാതിയിൽ പിന്നോക്കം നിൽക്കുന്നതുകൊണ്ട് ദലിതർക്ക് ഭൂമിയിൽ അവകാശം ഉണ്ടായിരുന്നില്ല എന്നു പറയുന്നു. രോഷ്നി സ്വപ്നയുടെ കളഞ്ഞുപോയ കുട്ടികളുടെ വിരലുകൾ' എന്ന കവിതയിൽ മണ്ണിനോട് പറ്റിച്ചേർന്ന് പൂമ്പാറ്റകളുടെ ചിത്രം വരയ്ക്കാനും പൊട്ടുതൊടിക്കാനും കൊതിക്കുന്ന കുട്ടികളെ അവതരിപ്പിക്കുന്നു. സ്വന്തം വീട്, മണ്ണ്, ഭൂമി എന്നിവയെക്കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവെയ്ക്കുന്ന മുഖ്യധാര കവിതകൾ നിലവിലുണ്ട് എന്നിൽ വിജിലയുടെ കവിതകളിൽ ജാതി സൃഷ്ടിക്കുന്ന പ്രശ്നം നിലയിൽ അടയാളപ്പെടുത്തുന്ന ഇടം എന്ന കവിതയിൽ

' എന്നിട്ടും ഗ്രാമം
നഗരത്തെ സ്നേഹിക്കുന്ന
ഫ്ളാറ്റുകളെ
സ്വപ്നം കാണുന്നു'

ങ. തൊഴിൽ

വിജിലയുടെ കവിതകളിൽ തൊഴിലിനെ കുറിച്ചുള്ള സൂചനകൾ കണ്ടെത്താൻ സാധിക്കും ഉല്പാദനപരമായ അധ്വാനത്തെയാണ് തൊഴിൽ എന്ന് നമ്മൾ വിശേഷിപ്പിക്കുന്നത്. ജ്യോതി നാരയണന്റെ നിരീക്ഷണത്തിൽ തൊഴിലിന് സാംസ്കാരികമായ പദവിയുണ്ട് തൊഴിൽ മേഖലയിലെ ജാതീയവും ലിംഗപരവുമായ വിഭജനം ജനാധിപത്യ സമൂഹത്തിന് നല്ലതല്ല. എന്നൽ ഇത്തരത്തിലുള്ള തൊഴിൽ വിഭജനം ഇന്നും തുടരുന്നുണ്ട് ഈ അവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായി വിജില അമ്മ ഒരു കാൽപ്പനിക കവിതയല്ല എന്ന കവിതയിൽ എന്ന പറയുന്നു.

' നിന്റെ യുദ്ധത്തൽ

പല വട്ടം തോറ്റ

പടയാളി ഞാൻ

എന്നവൻ സമ്മതിക്കേ '

### ച. സ്ത്രീയും പ്രകൃതിയും

മലയാളത്തിൽ നിരവധി കവിതകളിൽ സ്ത്രീയുമായും പ്രകൃതിയുമായും ബന്ധപ്പെട്ട് കാല്പനികവും സമൂഹികവുമായ ആവിഷ്ക്കാരങ്ങൾ ഉണ്ടായിട്ടുണ്ട് ഇതിൽ നിന്ന് വ്യത്യസ്തമായ സ്ത്രീ, പ്രകൃതി ജീവിതങ്ങളെ വിജില അവതരിപ്പിക്കുന്നു. മുഖ്യധാര ജീവിതങ്ങളിൽ നിന്ന് വ്യത്യസ്തമായി ദലിത് സ്ത്രീ ജീവിതത്തിലെ അമ്മ, അടുക്കള എന്നിവ ആവിഷ്കരിക്കുന്നതോടൊപ്പം മഴ, പ്രണയം തുടങ്ങിയ ബിംബങ്ങളെ കാല്പനികതയിൽ നിന്ന് വേർപ്പെടുത്തി സമകാലിക ദലിത് ജീവിതവുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നു.

### ഛ. പ്രണയം

മഴ പോലെ തന്നെ പ്രകൃതിയും മനുഷ്യനുമായി ബന്ധപ്പെട്ട മറ്റൊരു അനുഭവമാണ് പ്രണയം. റോസ്മേരിയുടെ സത്രത്തിലെ 'രാത്രി' എന്ന കവിതയിലെ പ്രമേയം പ്രണയമാണ് അവസാനിപ്പിക്കാത്ത കുതിരവണ്ടിയിൽ പ്രണയം മഴവില്ല് പോലെയാണെന്ന സങ്കല്പം അവതരിപ്പിക്കുന്നു. സാവിത്രി രാജിവന്റെ പ്രണയം ഒരു കലാപമാണ്

‘ എല്ലാവരെയും കൊണ്ട്

കവിത എഴുതിപ്പിക്കലൊണോ

പ്രണയമേ

നിന്റെ പണി

‘ എല്ലാവരേയും

സ്വപ്നം കാണിക്കയാണോ

ഓർമ്മകൾ പെയ്യും

പത്രയോരങ്ങിലെ

പാരിജാതങ്ങൾ’

ഇത്തരത്തിൽ നിരവധി പ്രണയത്തെക്കുറിച്ചുള്ള സങ്കല്പ്പങ്ങൾ പങ്കുവെയ്ക്കുന്ന കവിതകളുണ്ട്. വി.എം. ഗിരിജയുടെ ' ജീവാജലം' എന്ന കവിതയിലും പ്രണയം ആവിഷ്ക്കരിക്കുന്നുണ്ട് ജാതി വിവേചനത്തിന്റെ പേരിൽ പ്രണയം വിവാഹത്തിലെത്താതെ പോകുന്ന നിരവധി സന്ദർഭങ്ങൾ സമൂഹത്തിലുണ്ട് സ്ത്രീ ശരീരത്തിന് പ്രാധാന്യം കൊടുക്കുന്ന വരേണ്യ കവിതകൾ മലയാളത്തിലുണ്ട്.

'പൂവുകളിലെ ചിരിയെ കൊടുത്ത

ഇുതേ

ഹൃദയം

മുറിപ്പെടുത്തരുതേ

ഇതളുകളെ'

' ഉഴുതുമറിക്കപ്പെട്ട ഭൂമിയിൽ

വേരുകളെ വേർപ്പെടുത്താതെ

എങ്ങനെ'

ജ. അമ്മ

അമ്മ എന്ന പ്രമേയം മുഖ്യധാര കവിതകളിൽ ആവർത്തിച്ചു വരുന്ന ഒന്നാണ് അമ്മ. പൊതുവെ മലയാളത്തിലെ കവിതകൾ അമ്മയെ വൈകാരികതലത്തിൽ നിന്നുകൊണ്ട് അവതരിപ്പിക്കുന്നവയാണ് പെൺകുട്ടി അമ്മയായി മാറുമ്പോൾ സാമൂഹികവും വൈകാരികവുമായി ഉണ്ടാകുന്ന മാറ്റമാണ് ബാലാമണിയമ്മ സുഗതകുമാരി വിജയലക്ഷ്മി എന്നിവരുടെ രചനകൾ സൃഷ്ടിക്കുന്നത്

" കാടിനുള്ളിലെ ഒരു മകനെ മറക്കാൻ

തന്നെ

വഴിയിൽ കണ്ട

മനുഷ്യനെ

വീണ്ടും വീണ്ടും

എന്റെ മനസ്സിലേക്ക് കൊണ്ടുവന്നു.

മുഖത്തുവീണ പ്രകാശത്തെ

മറച്ചുപിടിക്കാനാവതെ

ഓർമ്മകളെ വേരോടെ പിഴുതെറിയാൻ

തന്നെ വേണമല്ലോ'.

ദലിത് ജീവിതത്തിന്റെ ചവർപ്പുരുചികളും വേവലാതികളുമായി പുകയാത്ത അടുപ്പുകളോടൊപ്പം കഴിയുന്ന അമ്മയെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ദലിത് കവിതകളിലെ അമ്മ വീട്ടുജോലി മാത്രം ചെയ്യുന്നവരല്ല.

ഝ.അടുക്കള

വിജിലയുടെ കവിതകളിലെ അടുക്കള സവിശേഷമായ സ്ഥലരൂപകമാണ് സ്ത്രീയുടെ സ്വകാര്യതയുടെ ഒരു ബിംബമാണ് അടുക്കള മാധവിക്കുട്ടിയുടെ ' ചതുപ്പുനിലം' പഴയ പാവക്കുട് മുതലായ കവിതകളിൽ ഭാരതീയ കുടുംബിനിയുടെ ക്ലേശ പൂർണമായ ഗൃഹചര്യകൾ വ്യംഗ്യത്തോടും വ്യസനത്തോടും കൂടി ചിത്രീകരിക്കുന്ന ഗിരിജ പി പാതേക്കരയുടെ 'കൊണ്ടാട്ടം' എന്ന കവിതയിലും കുടുംബം നോക്കാൻ വിധിക്കപ്പെട്ടവളുടെ ജന്മം അടുക്കളയിൽ വെച്ചുവിളമ്പി ഒതുങ്ങണമെന്ന മുന്നറിയിപ്പ് നൽകുന്നു

" തുണ്ടുപടങ്ങളെന്ന് കളിയാക്കി

ഇതൊക്കെ ആസ്വദിച്ചു കാണുന്ന

അമ്മായി അപ്പനെ കടന്ന്

പുറത്തേക്കിറങ്ങാനാവില്ല"

വിജയലക്ഷ്മിയുടെ കവിതകളിൽ അടുക്കളയിൽ മറ്റൊരും സഹായിക്കാനില്ലാതെ കഴിയുന്ന സ്ത്രീ ജീവിതത്തെ അവതരിപ്പിക്കുന്ന സാവിത്രീ രാജീവന്റെ 'വീട്' വീട് വിട്ടുനടന്ന തിരിഞ്ഞു നോക്കുമ്പോൾ വീട് തന്നെ കൈനീട്ടി അടുക്കളയ്ക്കകത്താക്കി വാതിൽ ചാരുന്ന കാഴ്ചകൾ അവതരിപ്പിക്കുന്നു. എന്നൽ ഈ ജീവിതത്തിനും സൗന്ദര്യമുണ്ടെന്ന് ദലിത് സൗന്ദര്യ ശാസ്ത്രം പറയുന്നു. ഈ അടുക്കള ജീവിതം വിജിലയുടെ കവിതകളിൽ അവതരിപ്പിക്കുന്നു.

ഞ. സംസ്കാരം

വിജിലയുടെ കവിതകളിൽ തിറ പോലുള്ള ജാതീയമായ അനുഷ്ഠാനങ്ങളുടെ സൂചനകൾ ദൃശ്യമാണ്. തിറ കെട്ടിയാടുന്ന സമൂഹം ഉൽപ്പാദക സമൂഹത്തിന്റെ ആശ്രിത ജനതയായിരുന്നു. ജാതി എന്ന നിലയിലായിരുന്നു.

'നദിയാം പെണ്ണിവൾ

കടലിൽ നിവരും

പുതുപുളകങ്ങളണിലും

കട്ടിമീശ കണക്കെത്ര

കെട്ടുവള്ളങ്ങൾ

ഒറ്റയ്ക്ക് കടന്നും

ഇരുമ്പ് പാലങ്ങൾ കടന്നെത്ര

ചിറകടിച്ചുയർന്നതും

ഇല കെഴിയും ജനുവരിയിൽ'

"തിരികെ ഒഴും"

ഇത്തരത്തിൽ വ്യത്യസ്ത ദലിത് അനുഭവങ്ങളുടെ സൗന്ദര്യതലമാണ് വിജില കവിതയിൽ അവതരിപ്പിക്കുന്നത്. അനുഭവത്തിന്റെ തീവ്രത വിജിലയുടെ കവിതകളിലുണ്ട് ഇരുട്ട്, വെളിച്ചം, കറുപ്പ്, വെളുപ്പ്, ജീവിതം മരണം, മഴവെയിൽ മധ്യവർഗം വരേണ്യം എന്നിങ്ങനെ വിരുദ്ധ ബിംബങ്ങൾ അവതരിപ്പിച്ചു കൊണ്ടാണ് ദലിത് അനുഭവം കവിതയിൽ അടയാളപ്പെടുത്തുന്നത്.

**ഉപസംഹാരം**

കഴിഞ്ഞ രണ്ട് ദശകങ്ങളിലായി വ്യത്യസ്തമായ ജീവിതപരിസരവും മനുഷ്യാനുഭവങ്ങളും ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നുവെന്നത് തർക്കമില്ലാത്ത വസ്തുതതയാണ്. അതിൽതന്നെ ദളിത്-ആദിവാസി സ്ത്രീസമൂഹത്തിൽ നിന്നുമുള്ള എഴുത്തുകാരും രചനകളും അസാധാരണമായ നിലയിൽ നമ്മുടെ ഭാവുകത്വമണ്ഡലത്തെ പുനർനിർവചിച്ചുവെന്നതും ശ്രദ്ധേയമായ കാര്യമാണ് മലയാളകവിതയുടെ പരിണാമവഴികളെ അപഗ്രഥന വിധേയമാക്കുമ്പോൾ, തെളിഞ്ഞ് വരുന്ന പുതുതലമുറ കവികളിലൊരാളാണ് വിജില. ദളിത് സാഹിത്യവും അതുയർത്തിയ സൈദ്ധാന്തികവും സൗന്ദര്യശാസ്ത്രപരവുമായ ചർച്ചകളെ വിശകലനം ചെയ്യാനാണ് ശ്രമിക്കുന്നത് ദേശിയവും പ്രദേശികവുമായി നടന്ന സംവാദങ്ങൾ, വരേണ്യാഭിമുഖ്യം പുലർത്തിയ ആവിഷ്കാരങ്ങളെയും അത് നിർമ്മിച്ച ആശയലോകത്തേയും അധീശത്വത്തേയും തുറന്നുകാട്ടുകയാണ് വിജിലയുടെ കവിതകൾ സൈദ്ധാന്തിക ചർച്ചകളുടെ പ്രയോഗികപാഠങ്ങളെന്ന നിലയിലും ഈ വായിച്ചെടുക്കാം. അനുഭവലോകം, രൂപങ്ങൾ, നിറസങ്കല്പം, തൊഴിൽ, ആവാസവ്യവസ്ഥ, മനുഷ്യബന്ധങ്ങൾ, അമ്മ തുടങ്ങിയ കവിതയുടെ ആശയലോകത്തെയും അതുണ്ടാക്കുന്ന പ്രത്യയശാസ്ത്രത്തെയും വിശകലനം ചെയ്ത് കൊണ്ട് വിജിലയുടെ കവിതൾ നിർമ്മിക്കുന്ന പ്രതിരോധപാഠങ്ങളും ലാവണ്യശാസ്ത്രവും നിർധാരണം ചെയ്യുന്നു. പുരുഷാധിപത്യവും, വരേണ്യാധികാരവും, ആധുനികഭരണകൂടങ്ങളും വ്യത്യസ്ത തലങ്ങളിൽ പാർശ്വവത്കരണത്തിന്റെ പ്രയോക്തങ്ങളായി മാറുന്നതായികാണാം. വിജിലയുടെ ആദ്യ കവിതാസമാഹാരം മുതൽ ഏറ്റവും പുതിയ രചനകളിൽ വരെ ഗ്രന്ഥകാരിയുടെ നോട്ടം സൂക്ഷ്മമായി പതിയുന്നത് അതിന്റെ സൂക്ഷ്മതലങ്ങളിലാണ്. അടുക്കള അനുഭവം വിജിലയുടെ കവിതകളിൽ ആവർത്തിക്കുന്ന പ്രമേയമാണ്. അതിനെ കുറിച്ച് ഇപ്രകാരം നീരിക്ഷിക്കുന്നു ദളിത് സ്ത്രീകളുടെ ജീവിതം മറ്റുള്ളവരുടെ അടുക്കളയിലാണ് കൂടുതലായി ഇടപെടുന്നത്. മുഖ്യധാര ജീവിത്തിലെ അടുക്കള പുകയില്ലാത്ത ഇലക്ട്രോണിക് അടുപ്പുകളും ടൈലുകളും സിങ്കുകളും ഉള്ളവയാണ്. ഇതിൽ നിന്ന് വ്യത്യസ്തമാണ് വിറകടുപ്പുകളും കരിപുരണ്ട പാത്രങ്ങളുമുള്ള ദളിത് ജീവിതം. എന്നാൽ ഈ ജീവിതത്തിനും സൗന്ദര്യമുണ്ടെന്ന് ദളിത് സൗന്ദര്യശാസ്ത്രം പറയുന്നു ദളിത് കവിതകൾ പലപ്പോഴും ഓർമ്മകളെ പുനരാവിഷ്ക്കരിക്കുകയും വർത്തമാനകാലത്തെ അഭിമുഖീകരിക്കാതിരിക്കുകയും ചെയ്യുന്നുവെന്ന വിമർശനം പ്രബലമായുണ്ട്.

തന്മയെ ഉരുവപ്പെടുത്തിയ എല്ലാത്തിനോടുമുള്ള അടുപ്പം കോരിയെടുക്കാൻ പാകത്തിൽ ഈ കവിതകളിൽ കരകവിയുകയാണ്. നാടിനെ, കാടിനെ, വാഴ്‌വിനെ, വീടിനെ, കൂട്ടുകാരെ, വഴിയിടങ്ങളെ, യാത്രകളെ ഇലകൾ കൊണ്ടും പൂക്കൾ കൊണ്ടും പുഴകൾകൊണ്ടും മണ്ണടരുകൾകൊണ്ടും മാനംകൊണ്ടും അടയാളപ്പെടുത്തുന്ന ഒരു സംഘചേതനയെയാണ് ഈ കവിതകളിൽ കണ്ടെത്താവുന്നത് എന്ന് മനസിലാക്കാം. പരിസ്ഥിതിയെ പ്രകൃതിയെ തന്നിലേക്ക് ആവാഹിച്ചു നിർത്തി അതൊരു കാഴ്ചയോ കൗതുകമോ എന്ന അകലമല്ല. ഉള്ളിലേയ്ക്കെടുത്തും പുറത്തേക്കുവിട്ടും ജീവിതത്തിന്റെതന്നെ ഭാഗമാകുന്ന ഒരു കാവ്യലോകം തന്നെയാണ് വിജിലയെ ഉണർത്തുന്നതും വഴിനടത്തുന്നതും. ആകാശത്തിലൊരു കൊളുത്തിട്ട് കണ്ണുയർത്തുന്ന ഗതികേടുകളെ അടയാളപ്പെടുത്തുമ്പോൾ അവ തന്നെ വീണ്ടും തോരാമാരിയായി പെയ്തൊഴുകുന്നതും എല്ലാ നിരാകരണങ്ങളും ഒഴുക്കുകളുടെ ദിശ കണക്കാക്കുന്നതും എല്ലാ നിരാകരണങ്ങളും സ്നേഹശൂന്യത ഒന്നുമാത്രമാണന്ന് കണ്ടറിയുന്നതും ഒരവസാനമല്ല. രാഷ്ട്രീയം കുറെ കൂടി തെളിച്ച് പറയുന്ന കവിതയാണ് പച്ച പൊങ്ങ്. പെരുമഴ കയ്യും മനവും കോർത്ത്നടന്ന് തേഞ്ഞിരുന്നു പോയവഴിയിൽ കാരമുള്ള് തറച്ച് തൊലിയടർന്നതിനേക്കാൾ നീറ്റലുളവാക്കിയത് കൈ വിടുവിച്ചതും മനം കനച്ചതുമായല്ലോ എന്ന തിരിച്ചറിവാണ്. ജീവിതത്തിന്റെ സാമാന്യതയെ നൈരന്തര്യത്തെ, പരുക്കൻ യാഥാർഥ്യങ്ങളുടെ നിർവചനകോടികളെ പിൻതുടരേണ്ടി വരുമ്പോഴും കനവില്ലാത്ത, പൊട്ടിച്ചിരിക്കാത്ത ഇരുളിന്റെ നെടുവീർപ്പുകളെ കെട്ടഴിച്ചുവിട്ട് സ്വസ്ഥയാകാൻ തുനിയുന്നവരുടെ ഇരട്ട ജീവിതം മറച്ചുവെയ്ക്കാതെ വിയോജിപ്പുകളോടെ മുന്നോട്ട് കൊണ്ട്പോകുന്നു. അതുപോലെ തന്നെ വിജിലയുടെ രചനകളിൽ അതിശക്തമായ പെൺകാഴ്ചകളെയും പെണ്ണിന്റെ അനുഭവങ്ങളുടെ വിശകലനവും സ്വഭാവികമായി തന്നെ കടന്നുവരുന്നുണ്ട്.

## ഗ്രന്ഥസൂചി


| | |
|---|---|
| 1 അജയ്ശേഖർ, | 2009, സംസ്കാരം പ്രതിനിധാനം, പ്രതിരോധം സംസ്കാരരാഷ്ട്രീയത്തിലേക്കുളള കുറിപ്പുകൾ ഫാബിയൻ ബുക്സ്, മാവേലിക്കര, |
| 2. ഗിരിജ വി.എം, | 2006, ബുദ്ധപൂർണ്ണിമ, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം ഗീതാ, കണ്ണാടികൾ ഉടയ്ക്കുതെന്തിന്? കറന്റ് ബുക്സ് കോട്ടയം |
| 3. പുരുഷോത്തമൻ കെ.സി, | 2008, ദലിത് സാഹിത്യ പ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ. |
| 4. മുരളി കവിയൂർ, | 2001, ദലിത് ഭാഷ, കറന്റ് ബുക്സ് കോട്ടയം, 1997 ദലിത് സാഹിത്യം,കറന്റ് ബുക്സ് കോട്ടയം. |
| 5. വിജില, | 2006, അടുക്കളെയില്ലാത്ത വീട്, ഇന്ത്യൻ ട്രൂത്ത് പബ്ലിക്കേഷൻസ്, കോഴിക്കോട്, അമ്മ ഒരു കാല്പനിക കവിതയല്ല, മൈത്രി ബുക്സ്, തിരുവനന്തപുരം. |
| | 2009, പകർത്തിയെഴുത്ത്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം |
| | 2015, പച്ച, പൊങ്ങ് പെരുവഴി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2021 |
| 5. സജിത കെ.ആർ, | 2012, ദളിതമയരസംയുക്തം .... പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം |
| 6. സന്തോഷ് ഒ.കെ. | 2012 (ഓഡ്) കാതൽ മലയാളത്തിലെ ദലിത് കവിതകൾ, ഡി.സി.ബുക്സ് കോട്ടയം. |

## ലേഖനസൂചി


1. അജയകുമാർ എൻ. 2013, സാധുജന കവിത, മലയാളം റിസേർച്ച് വാല്യം 6 ലക്കം 1,
2. ദിരാർ വി.എച്ച്: 2015, മലയാളിയുടെ മഴകൾ, മാധ്യമം ആഴ്ചപതിപ്പ്, വാല്യം 18 ലക്കം 29,
3. പ്രീത കെ.കെ. 2012, ദലിത് സ്ത്രീകളും നിയമ സംവിധാനവും, സംഘടിത, വാല്യം 6 ലക്കം 6,
4. പ്രദീപൻ പാമ്പിരിക്കുന്ന്, 2013, അന്തർവാഹിനിയായ ജീവിതം, മലയാളം റിസേർച്ച് ജേണൽ, വാല്യം 6 ലക്കം 1,
5. വിജില, 2021, അനുഭവലോകത്തെ അടയാളപ്പെടുത്തലുകൾ, മാധ്യമം ആഴ്ച്ചപ്പതിപ്പ് സെപ്തംബർ 27,
6. സജിത കെ .ആർ, 2013, സരസ്വതി ക്ഷേത്രം, വാർണാധികാരത്തിന്റെ വാങ്മയം, മലയാളം റിസേർച്ച്, ജേർണൽ വാല്യം 6 ലക്കം 1,
7. സനൽ എം.എൻ, 2003, ദലിത് സ്ത്രീപക്ഷവാദം, പച്ചകുതിര ജനുവരി മാർച്ച്
8. സന്തോഷ് ഒ.കെ, 2013,ദലിത് സാഹിത്യ വിമർശനം വഴികൾ, വഴിത്തിരിവുകൾ, മലയാളം റിസേർച്ച് ജേണൽ വാല്യം 6 ലക്കം.